Manorama 03.12.17

# റുഗോസ് വെള്ളീച്ച: ആശങ്ക വേണ്ടെന്നു സർവകലാശാല

മണ്ണുത്തി • സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും തെങ്ങുകളിൽ കാണുന്ന റുഗോസ് വെള്ളീച്ചയുടെ ആക്രമണത്തിൽ ആശങ്ക വേണ്ടെന്നു കാർഷിക സർവകലാശാല അറിയിച്ചു. കഴിഞ്ഞ വർഷം പാലക്കാട്ടും പൊള്ളാച്ചിയിലും ഇവയുടെ ആക്രമണം കണ്ടിരുന്നു. ഇവ നീരൂറ്റിക്കുടിക്കുന്നതിനാൽ ഇലകൾ മഞ്ഞളിക്കുന്നു. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി കൃഷിചെയ്യുന്ന വാഴയിലും ഈ കീടത്തിന്റെ ആക്രമണമുണ്ട്. എന്നാൽ, വെള്ളീച്ചയുടെ ആക്രമണം വിളവിനെ കാര്യമായി ബാധിക്കില്ലെന്നു ശാസ്ത്രജ്ഞർ പറഞ്ഞു.

വെള്ളീച്ചകളുടെ ആക്രമണമുള്ള തോട്ടങ്ങളിലെല്ലാം എതിർപ്രാണികളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഈ പരാദങ്ങൾ 90 ശതമാനം വരെ വെള്ളീച്ചകളെ നശിപ്പിക്കുമെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതിനായി കീടനാശിനി പ്രയോഗം നടത്തരുതെന്നും സർവകലാശാല അറിയിച്ചു.